I/74810/2023

**സംയോജിത ശിശു സംരക്ഷണ പദ്ധതി കേരളം (മിഷൻ വാത്സല്യ)**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക. ജി . IAS, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

ഉത്തരവ് നം. DWCD/3205/2022 - ICPS 4

തിരുവനന്തപുരം,
തീയതി. 05-01-2023

---

വിഷയം: വനിതാ ശിശു വികസന വകുപ്പ് ICPS- ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് 2022 സെപ്റ്റംബർ മുതൽ 2022 ഡിസംബർ മാസം വരെയുള്ള കെട്ടിട വാടക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : 1. ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 11.11.2022 ലെ DCPU/201/2022 - A1 നമ്പർ കത്ത് .

2.വനിതാ ശിശു വികസന വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 05.03.2021 ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം.

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് പ്രതിമാസം 15,000/-രൂപ നിരക്കിൽ കെട്ടിട വാടക അനുവദിക്കേണ്ടതുണ്ട്.

കെട്ടിടത്തിന്റെ ലഭ്യത രഹിത സാക്ഷ്യപത്രം പരാമർശം (1) പ്രകാരം ലഭ്യമാക്കിട്ടുണ്ട്. ഐ.സി.പി.എസ് മാർഗ്ഗനിർദേശ പ്രകാരം കെട്ടിട വാടക ഇനത്തിൽ പരമാവധി അനുവദിക്കാവുന്ന 15,000/-രൂപയിൽ അധികരിച്ച് വരുന്ന തുക ജില്ലകൾക്ക് അനുവദിക്കുന്നതിനു അനുമതി നൽകി, പരാമർശം (2) പ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമുണ്ട്.

മേൽ സാഹചര്യത്തിൽ, ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ അപേക്ഷ പരിഗണിച്ച്, ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് 2022 സെപ്റ്റംബർ മുതൽ 2022 ഡിസംബർ മാസം വരെ പ്രതിമാസം 15,000/- രൂപ നിരക്കിൽ കെട്ടിട വാടക തുകയായി 60,000/- രൂപ (അറുപതിനായിരം രൂപ മാത്രം) അനുവദിച്ചുത്തരവാകുന്നു.

ടി തുക 60,000/- രൂപ (അറുപതിനായിരം രൂപ മാത്രം) സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീമിന്റെ വനിത ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ട് ആയ IDBI Bank ന്റെ 0889104000111737 IFSC.Code.IBKL0000889 എന്ന

I/74810/2023

അക്കൗണ്ടിൽ 04.02 (DCPU Rent for Hiring) കംപോണെന്റിൽ നിന്നും ആലപ്പുഴ ജില്ലാ വനിത ശിശു വികസന ആഫീസറുടെ സബ്സിഡിയറി അക്കൗണ്ടിലേക്കും വനിത ശിശു വികസന ഓഫീസർ തുക ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ സബ്സിഡിയറി അക്കൗണ്ടിലേക്കും അനുവദിക്കേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ അതാത് മാസങ്ങളിൽ വാടകയുടെ രസീത് ഓഫീസിൽ വാങ്ങി സൂക്ഷിക്കേണ്ടതും, അനുവദിച്ച തുകയുടെ രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ആലപ്പുഴ

<u>പകർപ്പ് :</u>

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ആലപ്പുഴ
3. ICPS -10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 05-01-2023 23:08:44